ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11.03.2025**

## പ്രധാനവാർത്തകൾ

1.) രണ്ട് ദിവസത്തെ സന്ദർശനത്തിനായി മൗറീഷ്യസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള സ്വീകരണം; മൗറീഷ്യസുമായുള്ള സഹകരണം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി.

2.) വയനാട് പുനരധിവാസ വിഷയം വൈകുന്നതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്; വയനാട് ദുരന്ത ബാധിതർക്കുള്ള ടൌൺ ഷിപ്പിന്റെ തറക്കല്ലിടൽ ഈ മാസം 27 നെന്ന് മന്ത്രി കെ രാജൻ.

3.) കുട്ടികളിൽ ലഹരിക്കെതിരെ അവബോധം വളർത്താൻ പ്രൈമറി, സെക്കൻഡറി തലത്തിലെ അധ്യാപകർക്ക് അവധിക്കാല പരിശീലനം നൽകുമെന്ന് മന്ത്രി എം.ബി രാജേഷ്.

4.) ലോക¬പ്രശസ്തമായ ആറ്റുകാൽ പൊങ്കാലയ്ക്ക് ഒരുങ്ങി തലസ്ഥാന നഗരി ; നാളെ മുതൽ വ്യാഴാഴ്ച വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം; പൊങ്കാലക്കെത്തുന്നവർക്കായി പ്രത്യേക ട്രെയിനുകൾ പ്രഖ്യാപിച്ച് റെയിൽവേ.

RNU TVPM

**5.) സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു; പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദേശം.**

*******************************************************************

## പ്രധാനമന്ത്രി -മൗറീഷ്യസ്

രണ്ട് ദിവസത്തെ സന്ദർശനത്തിനായി മൗറീഷ്യസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള സ്വീകരണം. മൗറീഷ്യസുമായുള്ള സഹകരണം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. മൗറീഷ്യസിലെ ഇന്ത്യൻ സമൂഹത്തിന്റെ സ്നേഹത്തിന് അദ്ദേഹം നന്ദി രേഖപ്പെടുത്തി. ഇന്ന് മൗറീഷ്യസ് പ്രസിഡൻറുമായും, പ്രധാനമന്ത്രിയുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തുന്ന ശ്രീ.നരേന്ദ്ര മോദി, മൗറീഷ്യസിലെ ഇന്ത്യൻ സമൂഹവുമായും സംവദിക്കും. നാളെ മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും.

RNU TVPM

*******************************************************************

## പാർലമെന്റ് ബജറ്റ് സമ്മേളനം

പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം പുരോഗമിക്കുന്നു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് 12 മണി വരെ നിർത്തിവച്ച രാജ്യസഭ പുനരാരംഭിച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിലെ ത്രി - ഭാഷ നീക്കം സംബന്ധിച്ച പരാമർശത്തിൽ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ മാപ്പ് പറയണമെന്ന് ഡിഎംകെ യെ പിന്തുണച്ചു കൊണ്ട് പ്രതിപക്ഷ അംഗങ്ങൾ ആവശ്യപ്പെട്ടു. സമരം ചെയ്യുന്ന ആശ വർക്കർമാർക്ക് പിന്തുണ പ്രഖ്യാപിച്ച് കേരളത്തിൽ നിന്നുള്ള എം.പിമാർ പാർലമെന്റിന് പുറത്ത് പ്രതിഷേധിച്ചു.

*******************************************************************

## നിയമസഭ-വാക്കൗട്ട്

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. വയനാട് പുനരധിവാസ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. പ്രതിപക്ഷത്ത് നിന്ന് ടി സിദ്ദിഖ് ആണ് നോട്ടീസ് നൽകിയത്. വയനാട് ദുരന്തം നടന്ന് 8 മാസമായിട്ടും പുനരധിവാസ പട്ടിക പൂർത്തിയാക്കാൻ സർക്കാരിന് സാധിച്ചില്ലെന്ന് അദ്ദേഹം ആരോപിച്ചു. വിഷയത്തിൽ കേന്ദ്ര സമീപനം മനുഷ്യത്വപരമല്ലെന്നും ടി സിദ്ധിക്ക് പറഞ്ഞു. വയനാട് പുനരധിവാസത്തിനും ദുരിതാശ്വാസങ്ങൾക്കും പ്രതിപക്ഷത്തിന്റെ പൂർണ പിന്തുണയുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. എന്നാൽ പുനരധിവാസം ചുവപ്പ് നാടയിൽ കുരുങ്ങി വൈകുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പുനരധിവാസ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നും ദുരന്ത ബാധിതർക്കുള്ള ടൌൺ ഷിപ്പിന്റെ തറക്കല്ലിടൽ ഈ മാസം 27 ന് നടക്കുമെന്നും മന്ത്രി കെ രാജൻ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

RNUTVPM

***********************************************************************************

## നിയമസഭ-എം.ബി.രാജേഷ് (ഇൻട്രോ)

കുട്ടികൾക്കിടയിൽ ലഹരിക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമായി തുടരുകയാണെന്ന് മന്ത്രി എം ബി രാജേഷ്. അധ്യാപകരിലൂടെ കുട്ടികളെ ശാക്തീകരിക്കുക എന്നത് ലക്ഷ്യമിട്ട് പ്രൈമറി, സെക്കൻഡറി തലത്തിലെ അധ്യാപകർക്ക് അവധിക്കാല പരിശീലനം സംഘടിപ്പിക്കുമെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.
(വോയിസ്...)

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ജൂൺ 26 ന് ലഹരി വിരുദ്ധ പാർലമെന്റ് സംഘടിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു. അധ്യയന

വർഷത്തിലുടനീളം ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

*******************************************************

## നിയമസഭ -ദേശീയപാത

ദേശീയ പാത 66 2025 ഡിസംബറിൽ യാഥാർഥ്യമാകുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ദേശീയ പാതാ വികസനത്തെ എല്ലാവരും ഒരുപോലെ പിന്തുണയ്ക്കണമെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

*******************************************************

## നിയമസഭ - മന്ത്രി റിയാസ് (ഇൻട്രോ)

സംസ്ഥാനത്തെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ഹരിത ചട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. ടൂറിസം മേഖലയിൽ കാലാവസ്ഥാ വ്യതിയാനം മറികടക്കാൻ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തി വരികയാണെന്നും തിരക്ക് കൂടുന്നത് കണക്കിലെടുത്ത് ഡെസ്റ്റിനേഷൻ ചാലഞ്ചിലൂടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വരികയാണെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

**(വോയിസ്...)**

വിനോദ സഞ്ചാരകേന്ദ്രങ്ങളിലെ ലഹരിക്കേസുകൾ പരിശോധിക്കുമെന്നും ഇത് സംബന്ധിച്ച തെറ്റായ പ്രചാരണങ്ങൾ ഒഴിവാക്കണമെന്നും മന്ത്രി പറഞ്ഞു.

*******************************************************

## ആറ്റുകാൽ പൊങ്കാല

ലോകപ്രശസ്തമായ ആറ്റുകാൽ പൊങ്കാലയ്ക്ക് ഇനി രണ്ടു ദിവസം മാത്രം. പൊങ്കാല സമർപ്പണത്തിനുള്ള ഒരുക്കങ്ങൾ

PNUTVPM

പൂർത്തിയായതായി ആറ്റുകാൽ ഭഗവതി ക്ഷേത്ര ട്രസ്റ്റ് ഭാരവാഹികൾ അറിയിച്ചു. പൊങ്കാല അർപ്പിക്കുന്നതിനായി തലസ്ഥാന നഗരി ഒരുങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി നഗരത്തിൽ നാളെ ഉച്ച മുതൽ വ്യാഴാഴ്ച രാത്രി എട്ടുവരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഈ സമയത്ത് നിശ്ചിത ഇടങ്ങളിൽ മാത്രമേ പാർക്കിംഗ് അനുവദിക്കൂ. പൊങ്കാല ദിവസം എയർപോർട്ടിൽ ഉൾപ്പെടെ പോകേണ്ടവർ യാത്ര മുൻകൂട്ടി ക്രമീകരിക്കണം.

---

## പൊങ്കാല -പ്രത്യേക ട്രെയിൻ

ആറ്റുകാൽ പൊങ്കാലയോട് അനുബന്ധിച്ച് റെയിൽവേ പ്രത്യേക ട്രെയിനുകൾ പ്രഖ്യാപിച്ചു. കൂടാതെ സ്ഥിരം ട്രെയിനുകൾക്ക് താൽക്കാലിക സ്റ്റോപ്പുകളും സമയ പുനഃക്രമീകരണവും പ്രഖ്യാപിച്ചിട്ടുണ്ട്. പൊങ്കാല ദിവസമായ 13 ന് പുലർച്ചെ 1.30 ന് എറണാകുളത്തു നിന്ന് പുറപ്പെടുന്ന പ്രത്യേക ട്രെയിൻ രാവിലെ 6.30 ന് തിരുവനന്തപുരത്ത് എത്തും. 13 ന് പകൽ 2.15 ന് തിരുവനന്തപുരത്തു നിന്ന് എറണാകുളത്തേക്കും സർവീസുണ്ടാകും.

RNUTVPM

---

## ഹോളി- പ്രത്യേക ട്രെയിനുകൾ

ഹോളി ആഘോഷത്തിന്റെ ഭാഗമായി ഇന്ത്യൻ റെയിൽവേ 400-ലധികം പ്രത്യേക ട്രെയിനുകൾ ഏർപ്പെടുത്തി. ന്യൂഡൽഹി, ഹസ്രത്ത് നിസാമുദ്ദീൻ തുടങ്ങിയ സ്റ്റേഷനുകളിൽ സുരക്ഷാ ക്രമീകരണങ്ങൾ, കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. തിരക്ക് കണക്കിലെടുത്ത് കേരളത്തിലേക്കും ട്രെയിൻ അനുവദിച്ചിട്ടുണ്ട്.

---

## കെ.എൻ.ബാലഗോപാൽ

കെഎസ്ആർടിസിക്ക് സർക്കാർ 73 കോടി രൂപ കൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. പെൻഷൻ വിതരണത്തിനായാണ് ഈ തുക അനുവദിച്ചത്.

*************************************************************

## ലക്ഷദ്വീപ് കപ്പൽ

ലക്ഷദ്വീപിലേക്ക് സർവ്വീസ് നടത്തുന്ന കപ്പലുകൾ അറ്റകുറ്റപ്പണികളുടെ പേരിൽ ദീർഘകാലമായി ഡോക്കിൽ കെട്ടിയിടുന്നതിലൂടെ ദ്വീപ് നിവാസികൾ യാത്ര ബുദ്ധിമുട്ടുകൾ നേരിടുകയാണെന്ന് ലക്ഷദ്വീപ് എം.പി ഹംദുള്ളാ സഈദ്. കപ്പലുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടലുകൾ ഉണ്ടാകണമെന്ന് അദ്ദേഹം ലോക്സഭയിൽ ആവശ്യപ്പെട്ടു. ബേപ്പൂർ, കൊച്ചി, മംഗലാപുരം തുറമുഖങ്ങളിലേക്കുള്ള സർവീസുകൾ സംബന്ധിച്ച പ്രശ്നവും അദ്ദേഹം ഉന്നയിച്ചു.

RMUTVPM

*************************************************************

## കനത്ത ചൂട്

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശങ്ങൾ പുറത്തിറക്കി. സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയവക്കെതിരെ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പകൽ 11 മണി മുതൽ 3 മണി വരെയുള്ള സമയം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക. പരമാവധി ശുദ്ധജലം കുടിക്കുക. അതേസമയം കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക്

സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*************************************************************************

## കോഴിക്കോട് ചൂട്

ചൂട് കൂടുന്ന സാഹചര്യത്തിൽ അസുഖങ്ങൾ പകരുന്നത് നിരീക്ഷിക്കുന്നതിന് പ്രത്യേക സംഘം രൂപീകരിക്കാൻ നിർദേശം നൽകി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ. രോഗവ്യാപനം ഉണ്ടാകാൻ സാധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി കർമ്മ പദ്ധതി രൂപീകരിക്കും. സൂര്യാഘാതവുമായി ബന്ധപ്പെട്ട സംഭവങ്ങൾ മെഡിക്കൽ ഓഫീസിലും ദുരന്ത നിവാരണ അതോറിറ്റിയെയും അറിയിക്കണമെന്നും DMO നിർദ്ദേശിച്ചു.

RNU TVPM

*************************************************************************

## പാലക്കാട് ചൂട്-ജാഗ്രത (ഇൻട്രോ)

പാലക്കാട് ജില്ലയിൽ ഉയർന്ന ചൂട് കന്നുകാലികളുടെ ജീവനും ഭീഷണിയാവുന്ന സാഹചര്യത്തിൽ ജാഗ്രത വേണമെന്ന് മൃഗസംരക്ഷണ വകുപ്പ്. കഴിഞ്ഞ ദിവസങ്ങളിൽ വേനൽ ചൂടിൽ കണ്ണമ്പ്രയിലും വടക്കഞ്ചേരിയിലും രണ്ട് പശുക്കൾ ചത്ത സാഹചര്യത്തിലാണ് ജാഗ്രതാ നിർദ്ദേശം.

വിശദാംശങ്ങളുമായി പാലക്കാട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്.....**

(വോയിസ്)

*************************************************************************

## വനിത -ക്രിക്കറ്റ്

WPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 07:30 ന് മുംബൈയിലാണ് മത്സരം.

*************************************************************

## ഐ.എസ്.എൽ ഫുട്ബോൾ

ISL ഫുട്ബോളിൽ ഇന്ന് ബെംഗളൂരു എഫ്സി - മുംബൈ സിറ്റി എഫ്സിയെ നേരിടും. രാത്രി 7.30 ന് ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം. ഒരു പോയിന്റ് അകലെയാണ് മുംബൈ എഫ് സി യുടെ പ്ലേ ഓഫ് സാധ്യത.

*************************************************************

RJU TVPM

## കുട്ടിയാന -ചരിഞ്ഞു

വയനാട് ബേഗൂർ സെക്ഷൻ പരിധിയിലെ ആലത്തൂർ റിസർവിൽ ഒരു വയസ്സ് പ്രായം തോന്നിക്കുന്ന കുട്ടിയാനയെ ചെരിഞ്ഞ നിലയിൽ കണ്ടെത്തി. വനം വകുപ്പ് അധികൃതർ സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു.

*************************************************************

## കണ്ണൂർ -കാട്ടുപന്നി

കണ്ണൂർ പാനൂരിൽ ജനവാസ മേഖലയിൽ ഇറങ്ങിയ കാട്ടുപന്നിയെ വെടിവെച്ചു കൊന്നു. പാനൂർ നഗരസഭ ഏർപ്പെടുത്തിയ ഷൂട്ടറാണ് പ്രദേശത്ത് ഭീതി പരത്തിയ കാട്ടുപന്നിയെ വെടിവച്ചത്.

*************************************************************

## കൊല്ലം -അസ്ഥികൂടം

കൊല്ലം നഗരത്തിലെ സെന്റ് തോമസ് സി.എസ്.ഐ പള്ളിവളപ്പിൽ ട്രോളി ബാഗിൽ ഉപേക്ഷിച്ചനിലയിൽ മനുഷ്യന്റെ അസ്ഥികൂടം കണ്ടെത്തി. ശാസ്ത്രീയ പരിശോധന ഉൾപ്പടെ നടത്തി പോലീസ് അന്വേഷണം ആരംഭിച്ചു.

*****************************************************************************************************

***********************************************************

RNU TVPM